# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.259 — 25.04.2017 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>,, വി.ആർ. സുനിൽ കുമാർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 1. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br>2. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>4. രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br>5. 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതിയാണ് ആർദ്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 28.03.2017 തീയതിയിലെ സ.ഉ.(സാധാ) 845/2017/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ആർദ്രം മിഷന്റെ ഭാഗമായി ജില്ല/ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആരോഗ്യ വകുപ്പിന്റെ 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും 44 താലൂക്ക്തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും KIIFB വഴി നടന്നുവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. ഇവിടെ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും കൂടി 510 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് 2210-03-103-90 ശീർഷകത്തിൽ 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ